അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

287 (1466) സഹകരണ സ്പിന്നിംഗ് മിൽ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഇന്നത്തെ സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ സഹകരണ സ്പിന്നിംഗ് മില്ലിൽ ശ്രീ. തച്ചടിയിൽ പ്രഭാകരൻ ചെയർമാനായിരുന്ന കാലത്ത് നടന്ന ഏതെല്ലാം ക്രമക്കേടുകളെപ്പറ്റിയാണ് അന്വേഷണം നടക്കുന്നത്;

(സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഈ മില്ലിനുവേണ്ടി ഇതുവരെ സമാഹരിക്കപ്പെട്ട വിവിധ സാമ്പത്തിക സഹായങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ;

(ഇ) മില്ലിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള സാമ്പത്തിക സഹായം സർക്കാർ പൂർണ്ണമായി നൽകിക്കഴിഞ്ഞോ; ഇല്ലെങ്കിൽ എന്ന് നൽകും എന്ന് അറിയിക്കുമോ;

(എഫ്) ഈ മില്ലിന്റെ രണ്ടാംഘട്ട വികസനത്തിന്റെ പുരോഗതി അറിയിക്കുമോ;

(ജി) രണ്ടാംഘട്ട വികസനത്തിനു സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിലെ ഉൽപ്പാദന ലക്ഷ്യങ്ങളും സാമ്പത്തിക സമാഹരണ ലക്ഷ്യങ്ങളും വിശദമാക്കുമോ;

(എച്ച്) രണ്ടാംഘട്ടത്തിന് സർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്;

(ഐ) മില്ലിന്റെ ഉൽപ്പാദനം ആരംഭിച്ച നവംബറിൽ ലാഭമാണോ; അതോ നഷ്ടമാണോ; ലാഭമാണെങ്കിൽ എത്ര;

(ജെ) ഈ മില്ലിന്റെ പ്രവർത്തനത്തിനുവേണ്ടി സർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന സഹായങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മില്ലിന്റെ ട്രയൽ റൺ ഒക്ടോബർ 14-നും, ഔപചാരിക ഉദ്ഘാടനം ഒക്ടോബർ 30-നും നടന്നു. 20.11.99 മുതൽ മുഴുവൻ മെഷിനറികളും പ്രവർത്തനസജ്ജമാക്കി 3 ഷിഫ്റ്റുകളായി 24 മണിക്കൂറും പ്രവർത്തനം നടക്കുന്നുണ്ട്. ഉദ്ദേശ്യം 60 ലക്ഷത്തോളം രൂപാ വിലവരുന്ന നൂൽ ഇതിനകം ഉൽപ്പാദിപ്പിച്ചു വിപണനം നടത്തിക്കഴിഞ്ഞു.

(ബി) മെഷിനറി വാങ്ങുന്നതിലും എം.എം.സി. കമ്പനിക്കു അഡ്വാൻസു നൽകുന്നതിലുണ്ടായ ക്രമക്കേടുകൾ, ഭൂമി നികത്തുന്ന ഏർപ്പാടുകൾ, ഫാക്ടറി കെട്ടിടനിർമ്മാണത്തിലെ അപാകതകൾ, ഭൂമി നികത്തുന്നതിനായി മണ്ണെടുക്കുന്നതിനും ഭൂമി വാങ്ങിയതിലെ ക്രമക്കേടുകൾ എന്നിവയെ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണമാണ് നടന്നുവരുന്നത്.

(സി) അന്വേഷണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓഹരി മൂലധന മായി 355.93 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ ടെക്സ് ഹെഡിൽനിന്നും സർക്കാർ നിർദ്ദേശ പ്രകാരം ലോണായി 60 ലക്ഷം രൂപ അനുവദിക്കുകയും, ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽനിന്നും മിൽ എടുത്തിട്ടുള്ള 5 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) മില്ലിന്റെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ പരിശോധി ച്ചുവരുന്നു.

(എഫ്)-(എച്ച്) രണ്ടാംഘട്ട വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടില്ല.

(ഐ) മുൻകാല ബാദ്ധ്യതകൾ ഒഴിച്ചു നിർത്തിയാൽ മില്ലിന്റെ തനതു പ്രവർത്തനം ലാഭകരമാണ്. കൃത്യമായ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(ജെ) ഇപ്പോൾ പറയാൻ കഴിയില്ല.

**288 (1467) സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം**

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം സ്പിന്നിംഗ് മിൽ ഉൾപ്പെടെ സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിലെ ഇ.എസ്.ഐ. പരിധിയുടെ മുകളിൽ വരുന്ന ജീവന ക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം നൽകുന്നതിന് സർക്കാർ അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ഈ വിഭാഗം ജീവനക്കാരുടെ മെഡിക്കൽ ക്ലെയിമിന് അപേക്ഷ ലഭിച്ചാൽ അത് എത്ര കാലാവധിക്കുള്ളിൽ കൊടുത്തുതീർക്കും എന്ന് വ്യക്ത മാക്കുമോ;

(സി) ബാലരാമപുരം സ്പിന്നിംഗ് മില്ലിലെ സീനിയർ ഇലക്ട്രീഷ്യ നായ ശിവരാജിന്റെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷയിലെ തുക പെൻഷൻപറ്റിയിട്ടും നാളിതുവരെ കൊടുത്തുതീർക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതു നൽകുന്നതിന് എം.എൽ.എ.മാർ മുഖാന്തിരം അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) ഇയാളുടെ മെഡിക്കൽ ക്ലെയിം നിഷേധിച്ചിട്ടുണ്ടെങ്കിൽ അത് കക്ഷിയെ അറിയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇതു സംബന്ധിച്ച ഒറിജിനൽ ബില്ലുകൾ റീ-ഇംപേഴ്സ്മെന്റി നായി സമർപ്പിച്ചിരുന്നത് തിരിച്ച് നൽകുവാൻ അടിയന്തിര നടപടി സ്വീകരി ക്കുമോ;

(ജി) ഇയാൾക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കുമോ;

(എച്ച്) ഇദ്ദേഹത്തിന് ഇ.എസ്.ഐ. പരിധിയുടെ മുകളിലുള്ള സമ യത്തെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുവാൻ നടപടികൾ സ്വീകരി ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly